10562
14/6/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

YEARS OF CELEBRATING THE MAHATMA

സംഗ്രഹം

വനം വന്യജീവി വകുപ്പ് – ജീവനക്കാര്യം – 03.03.1992 മുതൽ പുനലൂർ ഫോറസ്റ്റ് ഡിവിഷനു കീഴിൽ ദിവസവേതനാടിസ്ഥാനത്തിൽ വാച്ചറായി ജോലി ചെയ്തു വരുന്ന ശ്രീ. എൻ. കമലാസനനെ വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തൽ – അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.16/2019/വനം തീയതി,തിരുവനന്തപുരം, 14/06/2019

പരാമർശം:- 1 14.05.2015-ലെ സ.ഉ (എം.എസ്) 29/2015/വനം നമ്പർ ഉത്തരവ്.

2 28/12/2015 ലെ സ.ഉ.(എം.എസ്) 110/2015/വനം നമ്പർ ഉത്തരവ്.

3 17/08/2017-ലെ സ.ഉ. (എം.എസ്) 39/2017/വനം നമ്പർ ഉത്തരവ്.

4 ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA No. 1882/2017 മേലുള്ള 12.03.2018ലെ വിധിന്യായം.

ഉത്തരവ്

വനം വകുപ്പിൽ 01/09/2013-ൽ 20 വർഷം തുടർച്ചയായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വന്നിരുന്നതും, 56 വയസ്സ് പൂർത്തിയാകാത്തതുമായ 234 താൽക്കാലിക ജീവനക്കാരെ പരാമർശം ഒന്ന്, രണ്ടിലെ ഉത്തരവുകൾ പ്രകാരം വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ശ്രീ. എൻ. കമലാസനൻ പുനലൂർ ഡിവിഷനു കീഴിലുള്ള വിവിധ ഓഫീസുകളിൽ 03.03.1992 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നുവെങ്കിലും തന്റെ വകുപ്പിലെ സേവനം സംബന്ധിച്ച രേഖകൾ പത്തനാപുരം റേഞ്ച് ഓഫീസർ മുമ്പാകെ നിശ്ചയിച്ച സമയപരിധിക്കകം ഹാജരാക്കാതിരുന്നതിനാൽ ടിയാനെ പരാമർശം ഒന്ന്, രണ്ടിലെ ഉത്തരവുകളിൽ നിന്നും ഒഴിവാക്കപ്പെട്ടു. തുടർന്ന് 05/01/2016-ൽ ടിയാൻ 1992 മുതൽ വകുപ്പിൽ തുടർച്ചയായി സേവനം ചെയ്തിരുന്നതിനുള്ള രേഖകൾ പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുൻപാകെ ഹാജരാക്കുകയുണ്ടായി. തുടർന്ന് പരാമർശം ഒന്ന്, രണ്ടിലേയും ഉത്തരവുകളിൽ ഉൾപ്പെടാൻ അർഹതയുണ്ടായിരുന്നിട്ടും ടി ഉത്തരവുകളുടെ ആനുകൂല്യം ലഭിക്കാതെപോയ അപേക്ഷകനുൾപ്പെടെയുള്ള 11 ജീവനക്കാരെക്കൂടി സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപോസൽ ഭരണ വിഭാഗം ഉപമുഖ്യ വനപാലകൻ സർക്കാരിൽ സമർപ്പിച്ചു. ഈ ശുപാർശ പരിഗണിച്ച് സ്ഥിരപ്പെടുത്താൻ അർഹരാണെന്ന് കണ്ടെത്തിയ 9 ജീവനക്കാരെക്കൂടി സ്ഥിരപ്പെടുത്തി പരാമർശം മൂന്നു പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. 01/09/2013-ൽ 20 വർഷത്തെ

തുടർച്ചയായ സേവനമുള്ള വരെയും 56 വയസ്സ് തികയാത്തവരെയുമാണ് പരാമർശം ഒന്ന്, രണ്ടിലെ സർക്കാർ ഉത്തരവുകൾ പ്രകാരം സ്ഥിരപ്പെടുത്തിയിരുന്നത്. അതിനാൽ 56 വയസ്സ് കഴിഞ്ഞു എന്നതിനാൽ അപേക്ഷകനേയും മറ്റൊരാളേയും പരാമർശം മൂന്നിലെ സർക്കാർ ഉത്തരവിൽ നിന്നും ഒഴിവാക്കിയിരുന്നു. ഇതിനെതിരെയാണ് അപേക്ഷകൻ ബഹു. ട്രിബ്യൂണലിൽ OA No. 1882/2017 നമ്പറായി കേസ് ഫയൽ ചെയ്യുകയും പരാമർശം നാല് പ്രകാരമുള്ള അന്തിമവിധി സമ്പാദിക്കുകയും ചെയ്തു.

2. കേസ് പരിഗണിച്ച ബഹു ട്രിബ്യൂണൽ, അപേക്ഷകനെ ഒഴിവാക്കികൊണ്ടുള്ള പരാമർശം മൂന്നിലെ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിരിക്കുന്നത് പരാമർശം ഒന്നിലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എന്നും, 01/09/2013തീയതിയിൽ അപേക്ഷകർക്ക് 20 വർഷം തുടർച്ചയായ സേവനം ഉണ്ടായിരിക്കണമെന്നും 56 വയസ്സ് കഴിയാൻപാടില്ലയെന്നുമുള്ള രണ്ട് വ്യവസ്ഥകൾ മാത്രമേ പരാമർശം ഒന്നിലെ ഉത്തരവിൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള മാനദണ്ഡമായി നിശ്ചയിച്ചിരുന്നുള്ളുവെന്നും, ജനന സർട്ടിഫിക്കറ്റ് പ്രകാരം 20/05/1960 ജനന തീയതിയായ അപേക്ഷകന് 01/09/2013- ൽ 56 വയസ്സ് പൂർത്തിയായിരുന്നില്ലായെന്നും, ഉത്തരവ് പുറപ്പെടുവിക്കുന്നതിൽ എതിർകക്ഷികളുടെ ഭാഗത്തുനിന്നുമുണ്ടായ കാലതാമസം അപേക്ഷകന്റെ സ്ഥിരപ്പെടാനുള്ള അവകാശത്തെ പ്രതികൂലമായി ബാധിക്കില്ലായെന്നും, അതുകൊണ്ട് 01/09/2013- ൽ 56 വയസ്സ് കഴിയാത്ത അപേക്ഷകൻ പരാമർശം ഒന്നിലെ ഉത്തരവിന് വിധേയമായി സർവ്വീസിൽ സ്ഥിരപ്പെടാൻ അർഹനാണെന്നുമുള്ള നിരീക്ഷണത്തോടെ പരാമർശം മൂന്നിലെ ഉത്തരവിൽ നിന്നും അപേക്ഷകനെ ഒഴിവാക്കി കൊണ്ടുള്ള സർക്കാർ തീരുമാനം ബഹു. ട്രിബ്യൂണൽ റദ്ദ് ചെയ്യുകയും, അപേക്ഷകനെ ഇതു സംബന്ധിച്ച മുൻ ഉത്തരവുകൾക്ക് വിധേയമായി വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് അർഹതപ്പെട്ട തീയതി മുതൽ പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തണമെന്നും, തൽഫലമായുള്ള എല്ലാ ആനുകൂല്യങ്ങൾക്കും അപേക്ഷകൻ അർഹനാണെന്നും ബഹു. ട്രിബ്യൂണൽ പരാമർശം നാല് പ്രകാരം ഉത്തരവിടുകയുണ്ടായി. ബഹു. ട്രിബ്യൂണലിന്റെ ഉത്തരവ് ലഭിച്ച് മൂന്ന് മാസത്തിനകം ഇതു സംബന്ധിച്ച അന്തിമ ഉത്തരവ് പുറപ്പെടുവിക്കണമെന്നും ബഹു. ട്രിബ്യൂണൽ സർക്കാരിനോട് നിർദേശിചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ബഹു ട്രിബ്യൂണലിന്റെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. എൻ. കമലാസനൻ വകുപ്പിൽ സ്ഥിരപ്പെടുവാൻ അർഹനാണെന്ന് കണ്ടെത്തുകയുമുണ്ടായി.

4. മേൽ സാഹചര്യത്തിൽ വനം വകുപ്പിൽ 03.03.1992 മുതൽ പുനലൂർ ഫോറസ്റ്റ് ഡിവിഷനു കീഴിൽ ദിവസവേതനാടിസ്ഥാനത്തിൽ വാച്ചറായി ജോലി ചെയ്തു വരുന്ന ശ്രീ. എൻ. കമലാസനനെ വാച്ചർ തസ്തികയിൽ 8500-13210 ശമ്പള സ്കെയിലിൽ താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിനു അനുമതി നൽകിക്കൊണ്ടും പരാമർശം നാലിലെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായം നടപ്പാക്കിക്കൊണ്ടും ഉത്തരവാകുന്നു. വനം വകുപ്പ് മുഖ്യവനപാലകർ ഇക്കാര്യത്തിൽ

തുടർനടപടികൾ സ്വീകരിക്കേണ്ടതായാണ്.

- ശ്രീ. എൻ. കമലാസനനുവേണ്ടി സൃഷ്ടിക്കപ്പെടുന്ന സൂപ്പർ ന്യൂമററി തസ്തിക ടിയാൻ വിരമിക്കുന്നതോടെ നിർത്തലാക്കപ്പെടുന്നതാണ്.
- ഉത്തരവ് തിയതി മുതൽക്ക് മാത്രമേ ടിയാന് സ്ഥിരം ജീവനക്കാർക്കുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ .എ .ജയതിലക് ഐ.എ.എസ്**
**പ്രിന്സിപ്പല് സെക്രട്ടറി**

**പകർപ്പ്:-**
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & HoFF, തിരുവനന്തപുരം
അഡിഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം), തിരുവനന്തപുരം.
ശ്രീ. എൻ. കമലാസനൻ, മരുതിവിളവീട്, വലിയറ പച്ച, കുമരംകുടി (പി,ഒ), കൊല്ലം 689 696.
അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്. സി) വകുപ്പ് (ഇനം നം 3066, തീയതി 12.06.2019).
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SAJEEVAN M K
Date: 2019.06.15 11:02:30 IST
Reason: Approved
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 12-06-2019

ഫയൽ നം.346/എഫ്1/2017/വനം　　　　　　　　　　ഇനം നം: 3066

വിഷയം : വനം വന്യജീവി വകുപ്പ് - വനം വകുപ്പിൽ പുനലൂർ ഫോറസ്റ്റ് ഡിവിഷനു കീഴിൽ ദിവസവേതനാടിസ്ഥാനത്തിൽ വാച്ചറായി ജോലി ചെയ്ത് വരുന്ന ശ്രീ. എൻ. കമലാസനൻ തന്നെ വകുപ്പിൽ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA No.1882/2017-മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 12.03.2018-ലെ അന്തിമ വിധി നടപ്പിലാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനം വന്യജീവി വകുപ്പ്.

3066

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 346/എഫ്.1/2017/വനം |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | വനം വകുപ്പിൽ പുനലൂർ ഫോറസ്റ്റ് ഡിവിഷന്റെ കീഴിൽ ദിവസവേതനാടിസ്ഥാനത്തിൽ വാച്ചറായി ജോലി ചെയ്തു വരുന്ന ശ്രീ. എൻ. കമലാസനൻ തന്നെ വകുപ്പിൽ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA No. 1882/2017 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 12/03/2018-ലെ അന്തിമ വിധി നടപ്പിലാക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 17.05.2019 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | അതെ<br><br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. നിയമവകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. എസ്. പ്രവീൺ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ഡോ: എ: ജയതിലക് |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 27/05/2019 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ടോം ജോസ് |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 30/05/2019 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജു |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 03/06/2019 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 06/06/2019 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വനം വകുപ്പിൽ പുനലൂർ ഫോറസ്റ്റ് ഡിവിഷനു കീഴിൽ ദിവസവേതനാടിസ്ഥാനത്തിൽ വാച്ചറായി ജോലി ചെയ്ത് വരുന്ന ശ്രീ. എൻ. കമലാസനനെ വകുപ്പിൽ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA No. 1882/2017 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 12/03/2018-ലെ അന്തിമ വിധി നടപ്പാക്കുന്നതാണ് ഈ കുറിപ്പിലെ വിഷയം.

2. വനം വകുപ്പിൽ പുനലൂർ ഡിവിഷനു കീഴിലുള്ള വിവിധ ഓഫീസുകളിൽ 3.3.1992 മുതൽ അപേക്ഷകൻ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്നു. വനം വകുപ്പിൽ 01/09/2013-ൽ 20 വർഷം തുടർച്ചയായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വന്നിരുന്നതും, 56 വയസ്സ് പൂർത്തിയാക്കാത്തതുമായ 234 താൽക്കാലിക ജീവനക്കാരെ 14/05/2015 ലെ സ.ഉ (എം.എസ്) 29/2015/വനം, 28/12/2015-ലെ സ.ഉ (എം.എസ്) 110/2015/വനം എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. എന്നാൽ അപേക്ഷകൻ തന്റെ വകുപ്പിലെ സേവനം സംബന്ധിച്ച രേഖകൾ പത്തനാപുരം റേഞ്ച് ഓഫീസർ മുമ്പാകെ നിശ്ചയിച്ച സമയപരിധിക്കകം ഹാജരാക്കാതിരുന്നതിനാൽ ടിയാൻ മേൽ ഉത്തരവിൽനിന്നും ഒഴിവാക്കപ്പെട്ടു. തുടർന്ന് 05/01/2016- ൽ ടിയാൻ 1992 മുതൽ വകുപ്പിൽ തുടർച്ചയായി സേവനം ചെയ്തിരുന്നതിനുള്ള രേഖകൾ പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുൻപാകെ ഹാജരാക്കുകയുണ്ടായി. തുടർന്ന് 14/05/2015 ലേയും, 28/12/2015-ലേയും ഉത്തരവുകളിൽ ഉൾപ്പെടാൻ

അർഹതയുണ്ടായിരുന്നിട്ടും ടി ഉത്തരവുകളുടെ ആനുകൂല്യം ലഭിക്കാതെപോയ അപേക്ഷകനുൾപ്പെടെയുള്ള 11 ജീവനക്കാരെക്കൂടി സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപോസൽ ഭരണ വിഭാഗം ഉപമുഖ്യ വനപാലകൻ സർക്കാരിൽ സമർപ്പിച്ചു. ഈ ശുപാർശ പരിഗണിച്ച് സ്ഥിരപ്പെടുത്താൻ അർഹരാണെന്ന് കണ്ടെത്തിയ 9 ജീവനക്കാരെക്കൂടി സ്ഥിരപ്പെടുത്തി 17/08/2017-ലെ സ.ഉ. (എം.എസ്.) 39/2017/വനം നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. 01/09/2013-ൽ 20 വർഷത്തെ തുടർച്ചയായ സേവനമുള്ള വരെയും 56 വയസ്സ് തികയാത്തവരെയുമാണ് 14/05/2015-ലെയും 25/12/2015-ലേയും സർക്കാർ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തിയിരുന്നത്. അതിനാൽ 56 വയസ്സ് കഴിഞ്ഞു എന്നതിനാൽ അപേക്ഷകനേയും മറ്റൊരാളേയും 17/08/2017-ലെ സർക്കാർ ഉത്തരവിൽ നിന്നും ഒഴിവാക്കി യിരുന്നു. ഇതിനെതിരെയാണ് അപേക്ഷകൻ ബഹു. ട്രിബ്യൂണലിനെ സമീപിച്ചതും അനുകൂലവിധി സമ്പാദിച്ചതും.

4. ടി കേസ് പരിഗണിച്ച ബഹു ട്രിബ്യൂണൽ, അപേക്ഷകനെ ഒഴിവാക്കികൊണ്ടുള്ള 17/8/17- ലെ GO (MS) No.39/2017/ വനം നമ്പർ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിരിക്കുന്നത് 14/05/2015- ലെ GO (MS) No. 29/2015/വനം നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എന്നും, 01/09/2013 തീയതിയിൽ അപേക്ഷകർക്ക് 20 വർഷം തുടർച്ചയായ സേവനം ഉണ്ടായിരിക്കണമെന്നും 56 വയസ്സ് കഴിയാൻപാടില്ലായെന്നുമുള്ള രണ്ട് വ്യവസ്ഥകൾമാത്രമേ 14/05/2015-ലെ ഉത്തരവിൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള മാനദണ്ഡമായി നിശ്ചയിച്ചിരുന്നുള്ളുവെന്നും ജനന സർട്ടിഫിക്കറ്റ് പ്രകാരം 20/05/1960 ജനന തീയതിയായ അപേക്ഷകന് 01/09/2013- ൽ 56 വയസ്സ് പൂർത്തിയായിരുന്നില്ലായെന്നും, ഉത്തരവ് പുറപ്പെടുവിക്കുന്നതിൽ എതിർ കക്ഷികളുടെ ഭാഗത്തുനിന്നുമുണ്ടായ

കാലതാമസം അപേക്ഷകന്റെ സ്ഥിരപ്പെടാനുള്ള അവകാശത്തെ പ്രതികൂലമായി ബാധിക്കില്ലായെന്നും, അതുകൊണ്ട് 01/09/2013- ൽ 56 വയസ്സ് കഴിയാത്ത അപേക്ഷകൻ 14/05/2015-ലെ GO (MS) No. 29/2015/വനം നമ്പർ ഉത്തരവിന് വിധേയമായി സർവ്വീസിൽ സ്ഥിരപ്പെടാൻ അർഹനാണെന്നുമുള്ള നിരീക്ഷണത്തോടെ 17/08/2017- ലെ GO (MS) No. 39/2017/വനം നമ്പർ ഉത്തരവിൽ നിന്നും അപേക്ഷകനെ ഒഴിവാക്കി കൊണ്ടുള്ള സർക്കാർ തീരുമാനം ബഹു. ട്രിബ്യൂണൽ റദ്ദ് ചെയ്യുകയും, അപേക്ഷകനെ ഇതു സംബന്ധിച്ച മുൻ ഉത്തരവുകൾക്ക് വിധേയമായി വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് അർഹതപ്പെട്ട തീയതി മുതൽ പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തണമെന്നും, തൽഫലമായുള്ള എല്ലാ ആനുകൂല്യങ്ങൾക്കും അപേക്ഷകൻ അർഹനാണെന്നും ബഹു. ട്രിബ്യൂണൽ 12/03/2018-ൽ ഉത്തരവിടുകയുണ്ടായി. ബഹു. ട്രിബ്യൂണലിന്റെ ഉത്തരവ് ലഭിച്ച് മൂന്ന് മാസത്തിനകം ഇതു സംബന്ധിച്ച അന്തിമ ഉത്തരവ് പുറപ്പെടുവിക്കണമെന്നും ബഹു. ട്രിബ്യൂണൽ സർക്കാരിനോട് നിർദേശിക്കുകയുമുണ്ടായി.

5. ബഹു. ട്രിബ്യൂണലിന്റെ ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള സാധ്യത സംബന്ധിച്ച് നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ടി വകുപ്പ് ച്ചുവടെ ചേർത്തിരിക്കുന്ന അഭിപ്രായം അറിയിച്ചിട്ടുണ്ട്.

"The basic GO issued by Government for regularisation of daily waged employees in Forest Department is Annexure A2. Two vital conditions for availing the benefit of regularisation by the daily waged employees, included as per the said GO are as follows:

- They should have completed twenty years of continuous service;
- They should not have crossed the age of 56 as on 01.09.2013.

The date of birth of the applicant as per his service records is 25.05.1960 and hence he has not crossed the age of 56 years as on 01.09.2013. As regards the second condition in Annexure A2 is concerned, the applicant has twenty years of engagement from 1992 as evident from the certificate of the fourth respondent. It is also undisputed that he has twenty years of continuous engagement. Annexure A3 and Annexure A4 are meant for regularisation of those omitted to be included. Annexure A3 and A4 can be seen as continuation of the basic GO, i.e Annexure A2 only and cannot be one issued overriding basic conditions in Annexure A2.

In view of the vital facts that the applicant has satisfied two basic conditions for regularisation as specified in basic GO, Annexure A2, the Honourable KAT has declared that the applicant is entitled for regularisation as per Annexure A2. Hence there is no scope for appeal against the order of Honourable KAT in OA No. 1882/2017 dated 12.03.2018"

6. ഇക്കാര്യത്തിലുള്ള ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു :

"Administrative Department is informed that regularisation of daily wage employees is against the general stand taken by the Government. Hence the proposal cannot be agreed to".

7. ബഹു ട്രിബ്യൂണലിന്റെ 12/03/2018-ലെ അന്തിമ വിധി നാളിതുവരെ നടപ്പിലാക്കാത്തതിനാൽ അപേക്ഷകൻ ബഹു ട്രിബ്യൂണൽ മുൻപാകെ CP (C) 73/2019 നമ്പറായി കോടതി അലക്ഷ്യ ഹർജി ഫയൽ ചെയ്തിരിക്കുകയാണ്. ടി ഹർജി ബഹു ട്രിബ്യൂണൽ 28.05.2019-ൽ പരിഗണിക്കും എന്നും ആയതിനാൽ അടിയന്തരമായി ഉത്തരവ് നടപ്പിലാക്കി റിപ്പോർട്ട് സമർപ്പിക്കണം എന്നും അഡ്വക്കേറ്റ് ജനറൽ ആവശ്യപ്പെട്ടിട്ടുണ്ട്. ആയതുകൊണ്ട് ബഹുമാനപ്പെട്ട ട്രിബ്യൂണലിന്റെ OA No. 1882/2017 മേലുള്ള 12.03.2018 ലെ ഉത്തരവ് സർക്കാരിന് നടപ്പാക്കേണ്ടതുണ്ട്.

8. ഈ വിഷയം മന്ത്രി സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

<u>തീരുമാനിക്കേണ്ട വിഷയം</u>

വനം വകുപ്പിൽ പുനലൂർ ഫോറസ്റ്റ് ഡിവിഷനിൽ 03/03/1992 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ വാച്ചറായി ജോലി ചെയ്ത് വരുന്ന ശ്രീ. എൻ. കമലാസനനെ വാച്ചർ തസ്തികയിൽ 8500-13210 ശമ്പള സ്കെയിലിൽ, ധനകാര്യ വകുപ്പിന്റെ എതിർപ്പ് മറികടന്ന്, താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി, സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തികൊണ്ട് OA

No. 1882/2017 നമ്പറുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 12/3/2018-ലെ ഉത്തരവ് നടപ്പിലാക്കാമോ ?

- ശ്രീ. എൻ. കമലാസനനുവേണ്ടി സൃഷ്ടിക്കപ്പെടുന്ന സൂപ്പർ ന്യൂമററി തസ്തിക ടിയാൻ വിരമിക്കുന്നതോടെ നിർത്തലാക്കപ്പെടുന്നതാണ്.
- ഉത്തരവ് തിയതി മുതൽക്ക് മാത്രമേ ടിയാന് സ്ഥിരം ജീവനക്കാർക്കുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളു.